ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കമാകും: സോമനാഥ് സ്വാഭിമാൻ പർവ് ഉൾപ്പെടെ വിവിധ പരിപാടികളിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **Prime Minister Narendra Modi will be on a three-day visit to Gujarat beginning today. During his visit, the Prime Minister will attend several events including the Somnath Swabhiman Parv.**

2) റഷ്യൻ എണ്ണ വാങ്ങുന്ന രാജ്യങ്ങൾക്ക് അധിക തീരുവ ഏർപ്പെടുത്തുന്നതിനുള്ള യുഎസ് ബിൽ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് ഇന്ത്യ; രാജ്യത്തിൻ്റെ ഊർജ്ജസുരക്ഷയ്ക്ക് മുൻഗണനയെന്നും കേന്ദ്രസർക്കാർ.

   **New Delhi says, it is closely watching US Bill on tariffs over Russian Oil purchases; Reiterates, energy security of 1.4 Billion people guides India's Oil sourcing.**

3) പാർലമെൻ്റിൻ്റെ ബജറ്റ് സമ്മേളനം ജനുവരി 28ന് ആരംഭിക്കും; സാമ്പത്തിക സർവേ ജനുവരി 29-ന് പാർലമെൻ്റിൽ സമർപ്പിക്കും.

   **Parliament Budget Session to begin on January 28; Economic Survey to be tabled on January 29.**

4) കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി ഇന്ന് കേരളത്തിലെത്തും.

**Union Home Minister Amit Shah to visit Kerala today for a series of programmes.**

5) ഇറാനിൽ അശാന്തി പടരുന്നു; കലാപത്തിന് പിന്നിൽ യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപെന്ന് ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള ഖമനെയി.

**Unrest escalates in Iran; Iran's Supreme Leader Ayatollah Khamenei has accused that protesters are acting on behalf of U.S. President Donald Trump.**

6) ക്വാലാലംപൂരിൽ നടക്കുന്ന മലേഷ്യ ഓപ്പൺ ബാഡ്മിൻറൺ സെമിഫൈനലിൽ ഇന്ത്യയുടെ പി.വി. സിന്ധു ഇന്ന് ചൈനയുടെ വാങ് ഷി യിയെ നേരിടും.

**Malaysia Open Badminton: PV Sindhu to face China's Wang Shi Yi in semifinals today.**

**************

## PM-GUJARAT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. സോമനാഥ് സ്വാഭിമാൻ പർവ് ഉൾപ്പെടെ വിവിധ പരിപാടികളിൽ പ്രധാനമന്ത്രി പങ്കെടുക്കും. രാജ്കോട്ട്, അഹമ്മദാബാദ്, ഗാന്ധിനഗർ എന്നിവിടങ്ങളിലെ പ്രധാന വികസന പരിപാടികൾക്കും അദ്ദേഹം തുടക്കം കുറിക്കും. വിശദാംശങ്ങളിലേക്ക്....
(വോയിസ്....)

**************

## PM GERMAN CHANCELLOR

ജർമ്മൻ ചാൻസലർ ഫ്രെഡ്രിക്ക് മെർസ് രണ്ടു ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം എത്തുന്ന അദ്ദേഹത്തിൻറെ ആദ്യത്തെ ഔദ്യോഗിക ഇന്ത്യൻ സന്ദർശനമാണിത്.

**************

## AMIT SHAH

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി ഇന്ന് കേരളത്തിലെത്തും. നാളെ തിരുവനന്തപുരത്ത് നടക്കുന്ന ബി.ജെ.പി യോഗങ്ങളിലും, കേരള കൗമുദി കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും. കേന്ദ്ര മന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് രാത്രി 7.00 മണി മുതൽ 11.30 വരെയും നാളെ രാവിലെ 07.00 മുതൽ വൈകുന്നേരം 06.00 മണി വരെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

**************

## SHAH-DRUG FREE

ഈ വർഷം മാർച്ച് 31 മുതൽ രാജ്യവ്യാപകമായി ലഹരിക്കെതിരെ ശക്തമായ പ്രചാരണ പരിപാടിക്ക് തുടക്കം കുറിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. രാജ്യത്തെ ലഹരിമരുന്ന് വിമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് മൂന്ന് വർഷം നീണ്ടുനിൽക്കുന്ന പരിപാടി സംഘടിപ്പിക്കുന്നത്. ന്യൂഡൽഹിയിൽ നാർക്കോ-കോർഡിനേഷൻ സെൻററിൻറെ 9-ാമത് ഉന്നത യോഗത്തിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം അറിയിച്ചത്.

**************

## Randhir Jaiswal (INTRO)

റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്ന രാജ്യങ്ങൾക്ക് ഉയർന്ന തീരുവ ഏർപ്പെടുത്തുന്ന യു എസ് ബില്ലിനെ തുടർന്നുള്ള സംഭവ വികാസങ്ങൾ ഇന്ത്യ സസൂക്ഷ്മം നിരീക്ഷിച്ച് വരികയാണെന്ന് വിദേശകാര്യമന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. 140 കോടി ജനങ്ങളുടെ ഊർജ്ജ സുരക്ഷയാണ് ഇന്ത്യയെ മുന്നോട്ട് നയിക്കുന്നതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇരുരാജ്യങ്ങൾക്കും പ്രയോജനപ്പെടുന്ന വ്യാപാര കരാറിനാണ് ഇന്ത്യയും യു എസും താൽപര്യപ്പെടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

**(VOICE)**

**************

## parliament

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ജനുവരി 28-ന് രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിക്കും. രണ്ട് ഘട്ടങ്ങളിലായി ഏപ്രിൽ 2 വരെ സമ്മേളനം തുടരുമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ജനുവരി 29-ന് പാർലമെന്റിൽ സമർപ്പിക്കും. 2026–27 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് നടപ്പ് സമ്മേളനത്തിൽ അവതരിപ്പിക്കും.

**************

## 63 Maoists surrendered

ഛത്തീസ്ഗഢിലെ ദന്തേവാഡ ജില്ലയിൽ 63 മാവോയിസ്റ്റുകൾ കീഴടങ്ങി. കീഴടങ്ങിയവരിൽ 18 പേർ വനിതകളാണെന്ന് ദന്തേവാഡ ജില്ലാ പോലീസ് സൂപ്രണ്ട് ഗൗരവ് റായ് വ്യക്തമാക്കി. സംസ്ഥാന സർക്കാരിൻറെ പുനരധിവാസ നയത്തിൻറെ ഭാഗമായി, കീഴടങ്ങിയ എല്ലാവർക്കും അമ്പതിനായിരം രൂപ വീതം അനുവദിച്ചു.

**************

## PRAGATI

കേന്ദ്ര സർക്കാരിന്റെ പ്രസവാനുകൂല്യ പദ്ധതിയായ പ്രധാനമന്ത്രി മാതൃ വന്ദന യോജന പ്രധാനമന്ത്രി നരേന്ദ്ര മോദി അവലോകനം ചെയ്തു. പ്രഗതി യോഗത്തിലായിരുന്നു അവലോകനം. ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനായി ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനം കർശനമായി നടപ്പാക്കാൻ പ്രധാനമന്ത്രി നിർദ്ദേശിച്ചു. പദ്ധതിപ്രകാരം നാല് കോടിയിലധികം ഗുണഭോക്താക്കൾക്ക് 20,000 കോടിയിലധികം രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

**************

## DELHI-WORLD BOOK FAIR

ന്യൂഡൽഹി ലോക പുസ്തകമേളയുടെ 53-ാമത് പതിപ്പിന് ഇന്ന് ഭാരത് മണ്ഡപത്തിൽ തുടക്കമാകും. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ സൈനിക ചരിത്രം: ധീരതയും വിജ്ഞാനവും @ 75 എന്നതാണ് ഇത്തവണത്തെ

പ്രമേയം. ഒൻപത് ദിവസത്തെ മേളയിൽ 35 ലധികം രാജ്യങ്ങളിൽ നിന്നുള്ള 1,000-ത്തിലധികം പ്രസാധകർ പങ്കെടുക്കും.

**************

## Iran

ഇറാനിൽ രാജ്യവ്യാപക ഇന്റർനെറ്റ്, ടെലിഫോൺ സേവന തടസ്സങ്ങൾക്കു പിന്നാലെ അക്രമം പടരുന്നു. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പിന്തുണയോടെയാണ് പ്രതിഷേധക്കാർ പ്രവർത്തിക്കുന്നതെന്ന് ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയി ആരോപിച്ചു. 26 ബാങ്കുകൾ, രണ്ട് ആശുപത്രികൾ, 25 പള്ളികൾ തുടങ്ങിയവ ആക്രമിക്കപ്പെട്ടതായി ടെഹ്റാൻ മേയർ അറിയിച്ചു. ഡിസംബർ 28ന് തുടങ്ങിയ കലാപത്തിൽ 45 പേർ കൊല്ലപ്പെടുകയും 2,200ലധികം പേർ അറസ്റ്റിലാകുകയും ചെയ്തതായി മനുഷ്യാവകാശ സംഘടനകൾ വ്യക്തമാക്കി. അതിനിടെ പ്രതിഷേധക്കാർക്കുള്ള പിന്തുണ യുഎസ് വൈസ് പ്രസിഡന്റ് ജെ ഡി വാൻസ് ആവർത്തിച്ചു.

**************

## Hypersonic Missile

ഹൈപ്പർസോണിക് മിസൈൽ വികസന രംഗത്ത് നിർണായക മുന്നേറ്റവുമായി ഇന്ത്യ. DRDO വികസിപ്പിച്ച സ്ക്രാംജെറ്റ് എഞ്ചിൻ 12 മിനിറ്റിലധികം വിജയകരമായി പ്രവർത്തിച്ചെന്ന് പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി. ശബ്ദത്തിന്റെ അഞ്ചിരട്ടി വേഗത്തിൽ സഞ്ചരിക്കാൻ ശേഷിയുള്ളതാണ് ഹൈപ്പർസോണിക് ക്രൂയിസ് മിസൈൽ.

**************

## CDS – Operation Sindoor

ഓപ്പറേഷൻ സിന്ദൂരിന് ശേഷം പാകിസ്ഥാൻ അതിവേഗത്തിൽ നടത്തിയ സൈനികവും ഭരണഘടനാപരവുമായ പുനഃസംഘടനകൾ ഗുരുതരമായ പോരായ്മകളെ പരോക്ഷമായി അംഗീകരിക്കുന്നതാണെന്ന് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ. പൂനെ പബ്ലിക് പോളിസി ഫെസ്റ്റിവലിൽ "സാങ്കേതികവിദ്യയും ദേശസുരക്ഷയും" എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**************

## SIR (INTRO)

വോട്ടർ പട്ടികയുടെ തീവ്ര പരിഷ്ക്കരണത്തിൻറെ ഭാഗമായി കരടു വോട്ടർ പട്ടിക പുറത്തിറക്കിയ ശേഷം അതിൽ ഉൾപ്പെടുത്താനായി 44,106 പ്രവാസികളുടെ അപേക്ഷ ലഭിച്ചു. വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഫോം ആറിൽ അപേക്ഷിച്ചിട്ടുള്ള രണ്ടു ലക്ഷത്തി 16,873 പേർക്കു പുറമേയാണിത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം. പള്ളുരുത്തി.**

**(വോയ്സ്)**

**************

## Chief Justice of the High Court

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ ഇന്ന് വിരമിക്കും. ജസ്റ്റിസ് സൗമെൻ സെൻ ആണ് കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസ്.

**************

## BADMINTON-MALAYSIA OPEN

ക്വാലാലംപൂരിൽ നടക്കുന്ന മലേഷ്യ ഓപ്പൺ സൂപ്പർ 1000 ബാഡ്മിന്റൺ സെമിഫൈനലിൽ, ഒളിമ്പിക് മെഡൽ ജേതാവായ ഇന്ത്യയുടെ പി.വി. സിന്ധു ഇന്ന് ചൈനയുടെ വാങ് ഷി യിയെ നേരിടും. ജപ്പാൻറെ അകാൻ യമാഗുച്ചി പരിക്കുമൂലം പിന്മാറിയതിനെത്തുടർന്നാണ് സിന്ധു സെമിയിലെത്തിയത്. പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് റെങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം ഇന്തോനേഷ്യൻ ജോഡിയോട് പരാജയപ്പെട്ട് ടൂർണമെൻറിൽ നിന്ന് പുറത്തായി.

**************

## WPL-CRICKET

വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് മൂന്ന് വിക്കറ്റ് ജയം. നവിമുംബൈയിൽ ഇന്നലെ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത മുംബൈ നിശ്ചിത 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 154 റൺ

എടുക്കുകയായിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ബംഗളൂരു 7 വിക്കറ്റ് നഷ്ടത്തിൽ വിജയലക്ഷ്യം മറികടന്നു.

**************

## PRESIDENTS TROPHY

പ്രസിഡൻറ്സ് ട്രോഫി ജലോത്സവവും, ചാംപ്യൻസ് ബോട്ട് ലീഗ് ഫൈനൽ മത്സരവും ഇന്ന് കൊല്ലം അഷ്ടമുടിക്കായലിൽ നടക്കും. മന്ത്രി കെ.എൻ ബാലഗോപാൽ ജലോത്സവം ഉദ്ഘാടനം ചെയ്യും.

**************

## Sabarimala Gold Theft

ശബരിമല സ്വർണ്ണം അപഹരിച്ച കേസിൽ തന്ത്രി കണ്ഠര് രാജീവരെ കൊല്ലം വിജിലൻസ് കോടതി റിമാൻഡ് ചെയ്തു. 14 ദിവസത്തേക്ക് റിമാൻഡ് ചെയ്ത തന്ത്രിയെ രാത്രി വൈകി തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലെത്തിച്ചു. വിശദമായ ചോദ്യം ചെയ്യലിനായി അന്വേഷണ സംഘം അദ്ദേഹത്തെ കസ്റ്റഡിയിൽ വാങ്ങുമെന്നാണ് സൂചന. അതേസമയം,കേസിൽ തന്ത്രി രാജീവര് കൊല്ലം വിജിലൻസ് കോടതിയിൽ ജാമ്യാപേക്ഷ നൽകി.

**************

## BIRD FLUE

ആലപ്പുഴയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രഭവ കേന്ദ്രത്തിൽ നിന്ന് 10 കിലോമീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങളിലെ താറാവ്, കോഴി, കാട, മറ്റ് വളർത്തു പക്ഷികൾ എന്നിവയുടെ ഇറച്ചി, മുട്ട, ഫ്രോസൺമീറ്റ്, മറ്റു പക്ഷി ഉൽപന്നങ്ങൾ, കാഷ്ഠം തുടങ്ങിയവയുടെ ഉപയോഗവും വിപണനവും ഏഴു ദിവസത്തേക്ക് ജില്ലാ കളക്ടർ നിരോധിച്ചു.

**************

*****************

************

***